# Athmaraksha.org

ദൈവത്തിന്റെ കരുണയും, സ്നേഹവും, സംരക്ഷണവും

## യേശുവിന്റെ തിരുമുറിവുകൾ കരുണയുടെ പ്രതീകമാണ് മാർപാപ്പ



യേശുവിന്റെ മുറിപ്പാടുകളിൽ കരുണയാണ് തെളിയുന്നതെന്ന് ഫ്രാൻസിസ് മാർപാപ്പ. തോമാശ്ലീഹായെപ്പോലെ യേശുവിന്റെ മുറിപ്പാടുകളിൽ സ്പർശിച്ച് മന:പരിവർത്തനം നടത്തണമെന്ന് മാർപാപ്പ ജനങ്ങളോട് ആഹ്വാനംചെയ്തു. സ്വന്തം മുറിപ്പാടുകൾ കാണിച്ചുതന്ന് നമ്മുടെ അവിശ്വാസം നീക്കി ദൈവകരുണയുടെ രഹസ്യത്തിലേക്ക് ഇറങ്ങിച്ചെല്ലുവാനാണ് യേശു നമ്മെ ക്ഷണിക്കുന്നത് "മാർപാപ്പ പറഞ്ഞു." മനുഷ്യരുടെ തിന്മ ലോകത്തിൽ വലിയ ഗർത്തമാണ് സൃഷ്ടിക്കുന്നത്. സ്നേഹവും കരുണയുമില്ലാത്ത വലിയ ഗർത്തം. ദൈവസ്നേഹത്തിനു മാത്രമേ തിന്മ സൃഷ്ടിക്കുന്ന വലിയ വിടവ് നികത്താൻ സാധിക്കു അദ്ദേഹം കൂട്ടിച്ചേർത്തു.

പാപത്തിന്റെ അടിമത്ത്വത്തിൽ നിന്നും മോചനംതേടി ജീവന്റെ സമാധാനത്തിലേക്ക് പ്രവേശിക്കാൻ ഫ്രാൻസിസ് മാർപാപ്പ ജനങ്ങളെ ഉദ്ബോധിപ്പിച്ചു. കുരിശിൽ മരിച്ച് ഉയിർത്ത യേശുക്രിസ്തുവാകണം വഴികാട്ടിയെന്നും അദ്ദേഹം പറഞ്ഞു. വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പയാണ് ദൈവകരുണയുടെ തിരുനാൾ ഈസ്റ്റർ മാസത്തിലെ രണ്ടാം ഞായർ ആഘോഷിക്കണമെന്ന കല്പന പുറപ്പെടുവിച്ചത്.